ഉത്തരം

(എ ആന്റ് ബി) ജില്ലാ ഡെപ്യൂട്ടി കമ്മീഷണർമാരിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്.

മുക്കം ആസ്ഥാനമായി സബ്ട്രഷറി ആരംഭിക്കാൻ നടപടി

27 [202] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മുക്കം ആസ്ഥാനമായി സബ്ട്രഷറി ആരംഭിക്കണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഇതുവരെ കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ;

(സി) മുക്കത്ത് സബ്ട്രഷറി എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം വിശദമായി പരിശോധിച്ചപ്പോൾ ആവർത്തനച്ചെലവ് വരുമെന്നതിനാൽ തൽക്കാലം പരിഗണിക്കേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ട്.

(സി) ഉത്തരം "ബി"-യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

നൂറനാട് സബ്ട്രഷറി

28 [203] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ നൂറനാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വൺമാൻ ട്രഷറി സബ്ട്രഷറിയായി ഉയർത്തുന്നതിനുള്ള നടപടികൾ ഏതുഘട്ടം വരെയായെന്നു വെളിപ്പെടുത്തുമോ;

(ബി) നൂറനാട് സബ്ട്രഷറി എന്നാത്തേക്ക് ആരംഭിക്കാമെന്ന് വ്യക്തമാക്കാമോ;

(സി) നൂറനാട് സബ്ട്രഷറി ഓഫീസ് ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ഇക്കാര്യത്തിൽ ഒരു തീരുമാനവും എടുത്തിട്ടില്ല.

(സി) ഭരണപരമായി നൂറനാട് ഒരു സബ്ട്രഷറി ആവശ്യമുണ്ടോ എന്നതാണ് പ്രസക്തം. മാത്രമല്ല, ട്രഷറി ആരംഭിക്കുന്നതിന് പുതിയ തസ്തിക സൃഷ്ടിക്കൽ, കമ്പ്യൂട്ടറൈസേഷൻ തുടങ്ങിയവയ്ക്ക് വളരെയധികം ചെലവ് സർക്കാർ വഹിക്കേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly